നമ്പർ **ഇ9/42300/15**

സാമൂഹ്യനീതി ഡയറക്ടറേറ്റ്

തിരുവനന്തപുരം,

തീയതി. **16-12-2015**

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഉദ്യോഗസ്ഥരുടെ **01-10-2009 മുതൽ 30-11-2015 വരെയുള്ള** കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് -

സൂചന:

സാമൂഹ്യനീതി വകുപ്പിലെ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ **01-06-2006** മുതൽ **30-09-2009** വരെ നിയമന നിർദ്ദേശം ലഭിച്ച ഉദ്യോഗസ്ഥരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഈ കാര്യാലയത്തിലെ **19-03-2012** ലെ **ഇ9/30563/11** നമ്പർ നടപടിക്രമങ്ങൾ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ **01-10-2009** മുതൽ **30-11-2015** വരെയുള്ള കാലയളവിൽ നിയമിക്കപ്പെട്ടിട്ടുള്ള എൽ. ഡി. ടൈപ്പിസ്റ്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി മേൽ കാലയളവിൽ നിയമന നിർദ്ദശം ലഭിച്ച ജീവനക്കാരുടെ സേവന വിവരങ്ങൾ ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. കാര്യാലയമേധാവികൾ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് പൂരിപ്പിച്ച പ്രൊഫോർമ **31-12-2015** ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. തെറ്റായ വിവരങ്ങൾ **ജീവനക്കാരുടെ സീനിയോറിറ്റിയെ ബാധിക്കുമെന്നതിനാൽ പ്രൊഫോമയിലുള്ള വിവരങ്ങൾ ശരിയാണെന്ന് കാര്യാലയമേധാവികൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.** ക്ലാർക്ക് തസ്തികയിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾകൂടി ***"മറ്റുവിവരങ്ങൾ"*** എന്ന കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും,

എല്ലാ ടൈപ്പിസ്റ്റ്മാർക്കും, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലേക്ക്

# പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് (മലയാളത്തിൽ) | |
| | ജീവനക്കാരന്റെ പേര് (ഇംഗ്ലീഷിൽ) | |
| 2 | തസ്തികയുടെ പേര് | |
| 3 | ജനനതീയതി (അക്കത്തിലും അക്ഷരത്തിലും) | |
| 4 | SC/ST | |
| 5 | വിദ്യാഭ്യാസ യോഗ്യത (ജനറൽ) | |
| 6 | വിദ്യാഭ്യാസ യോഗ്യത (സ്പെഷ്യൽ/ ഡിപ്പാർട്ട്മെന്റൽ, ഡിപ്പാർട്ട്മെന്റൽ (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) | |
| 7 | PSC നിയമന ശുപാർശ കത്ത് നമ്പരും തീയതിയും, നിയമനം ലഭിച്ച ജില്ല. | |
| 8 | PSC മുഖേനയുള്ള നിയമനമല്ലെങ്കിൽ ഈ വകുപ്പിൽ നിലവിലെ തസ്തികയിൽ നിയമിതനായത് ഏത് തരത്തിലുള്ള നിയമനത്തിലുടെയാണ്.. നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 9 | ഈ വകുപ്പിൽ നിലവിലെ ലെ തസ്തികയിൽ നിയമിതനായ ഉത്തരവ് നമ്പരും തീയതിയും | |
| 10 | സാമൂഹ്യനീതി വകുപ്പിൽ ക്രമ നം.2 ലെ തസ്തികയിൽ ജോലിയിൽപ്രവേശിച്ച തീയതി | |
| 11 | ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ഥലംമാറ്റത്തിലൂടെ യാണോ ഈ വകുപ്പിൽ ജോലിയിൽ പ്രവേശി ച്ചത് ? എങ്കിൽ ആദ്യം ജോലിചെയ്ത വകുപ്പ്. | |
| 12 | ഈ വകുപ്പിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിലൂ ടെ ജില്ല മാറിയിട്ടുങ്കിൽ ഏത് ജില്ലയിൽ നിന്നും മാറ്റം ലഭിച്ചു. മാറിവന്നുചേർന്ന ജില്ല, ജോലിയിൽ പ്രവേശിച്ച തീയതി | |
| 13 | ഈ വകുപ്പിൽ നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 14 | ഈ വകുപ്പിൽ പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 15 | മറ്റു വിവരങ്ങൾ | |

## സാക്ഷ്യ പത്രം

ശ്രീ/ ശ്രീമതി/കുമാരി ....................................................നെ/യെ സംന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവനപുസ്തകം പരിശോധിച്ചു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യ പ്പെടുത്തുന്നു. ടിയാന്റെ ജനനതീയതി, PSC Advice ഉത്തരവും തീയതിയും, ജില്ലയും / സർക്കാർ ഉത്തരവും തീയതിയും / എംപോയ്മെന്റ് ഉത്തരവും തീയതിയും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് സീൽ

കാര്യാലയമേധാവിയുടെ ഒപ്പ്, തീയതി , ഉദ്യോഗപ്പേര്